LIBRARY ARCHIVES Kerala Legislative Assembly

തീരപ്രദേശങ്ങളിൽ ശുദ്ധജല വിതരണം

102 [3357] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിനുള്ള പദ്ധതിയിൽ കടലുണ്ടി പഞ്ചായത്തിലെ ചാലിയം ഫിഷ്ലാന്റിംഗ് സെന്റർ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രദേശങ്ങൾ ഏതെല്ലാമാണ്;

(സി) ചാലിയം തീരപ്രദേശവും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളി ഗ്രാമങ്ങളായ ചാലിയം, വെള്ളയിൽ, കൊയിലാണ്ടി, ചെറിയമങ്ങാട്, പെരുങ്ങാട് കടപ്പുറം, ഏഴുകുടിക്കൽ, പുതിയ കടപ്പുറം, പള്ളിക്കണ്ടി, ഏലത്തൂർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ചാലിയം മത്സ്യത്തൊഴിലാളി ഗ്രാമം ഉൾപ്പെടുത്തിയിട്ടുണ്ട്.

അഴീക്കൽ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിന് അനക്സ് കെട്ടിടനിർമ്മാണം

103 [3358] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ സ്ഥലപരിമിതിമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളിന് അനക്സ് കെട്ടിടനിർമ്മാണം സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) കെട്ടിടനിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.